23/12/21

02/12/2021

# സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം,
## തിരുവനന്തപുരം 695 001

ഫോൺ: 0471 2335199, ഫാക്സ്: 0471 2330920
E-mail: sic.ker@nic.in

## ഹർജി നമ്പർ **AP No. 749(6)/2021** *എസ്.ഐ.സി.*

**തീർപ്പു കൽപ്പിച്ചുകൊണ്ടുള്ള നടപടിക്രമം**

**(ഫയൽ നം.6554/*എസ്.ഐ.സി-ജി 5/2021*)**

**സന്നിഹിതൻ**

## അഡ്വ.എച്ച്. രാജീവൻ, സംസ്ഥാന വിവരാവകാശ കമ്മീഷണർ

| | |
|---|---|
| ശ്രീമതി ഹാൻശ്രീ. എ,<br>സായൂജ് മെറ്റിൻഗൽ ഹൗസ്,<br>SPW HS ന് സമീപം, SPW റോഡ്,<br>കമ്പനിപ്പടി, ആലുവ – 106. | അപ്പീൽ ഹർജിക്കാരി |

Vs.

| | |
|---|---|
| 1. സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ,<br>ഫോറസ്റ്റ് ഇൻഡസ്ട്രീസ് (ട്രാവൻകൂർ) ലിമിറ്റഡ്.<br>തായ്ക്കാട്ടുകര പി.ഒ,<br>ആലുവ – 683 106.<br>2. അപ്പീൽ അധികാരി ,<br>ഫോറസ്റ്റ് ഇൻഡസ്ട്രീസ് (ട്രാവൻകൂർ) ലിമിറ്റഡ്.<br>തായ്ക്കാട്ടുകര പി.ഒ,<br>ആലുവ – 683 106. | എതിർകക്ഷികൾ |

| | |
|---|---|
| 6(1) അപേക്ഷ നൽകിയ തീയതി | 22/02/2021, 03/02/2021 |
| മറുപടി ലഭ്യമാക്കിയ തീയതി | -- |
| ഒന്നാം അപ്പീൽ അപേക്ഷ നൽകിയ തീയതി | 27/03/2021 |
| മറുപടി ലഭ്യമാക്കിയ തീയതി | -- |
| രണ്ടാം അപ്പീൽ അപേക്ഷ നൽകിയ തീയതി | 12/06/2021 |
| കമ്മീഷനിൽ അപ്പീൽ ലഭ്യമായ തീയതി | 25/06/2021 |
| കമ്മീഷൻ റിപ്പോർട്ട് ആവശ്യപ്പെട്ട തീയതി | 27/07/2021 |
| കമ്മീഷനിൽ റിപ്പോർട്ട് ലഭിച്ച തീയതി | 05/08/2021 |
| ഹിയറിംഗ് തീയതി & ആസ്ഥാനം | 17/11/2021<br>ടൗൺ ഹാൾ, എറണാകുളം |
| ഹിയറിംഗിലെ സാന്നിധ്യം:<br>ഹർജിക്കാരി<br>ഒന്നാം എതിർകക്ഷി | <br>ഹാജരായി<br>ഹാജരായി (പ്രതിനിധി) |

# ഉത്തരവ്

അപ്പീൽ ഹർജിക്കാരിയായ ശ്രീമതി ഹാൻശ്രീ. എ, കമ്മീഷൻ മുമ്പാകെ സമർപ്പിച്ച അപ്പീൽ ഹർജിയിൽ ബോധിപ്പിച്ചത്, ടിയാളുടെ 2 വിവരാവകാശ അപേക്ഷയ്ക്കും ഒന്നാം എതിർകക്ഷി മറുപടി ലഭ്യമാക്കിയില്ലെന്നും ആയതി നാൽ അപ്പീലധികാരിയ്ക്ക് അപ്പീൽ സമർപ്പിച്ചുവെന്നും ആയതിനും മറുപടി യൊന്നും ലഭ്യമായില്ലെന്നും ആയതിനാൽ ടിയാൾ ആവശ്യപ്പെട്ട വിവരങ്ങൾ ലഭ്യ മാക്കണമെന്നും നിരുത്തരവാദിത്തപരമായ നിലപാട് സ്വീകരിച്ച എതിർകക്ഷി കൾക്കെതിരെ നടപടി സ്വീകരിക്കണമെന്നുമാണ്.

2. ഹർജിക്കാരി ഒന്നാം എതിർകക്ഷി മുമ്പാകെ 22.02.2021 ൽ സമർപ്പിച്ച അപേക്ഷയിൽ ആവശ്യപ്പെട്ടിരുന്നത്,

1) KEXCON ഉം FIT യും തമ്മിൽ ഒപ്പുവച്ചിട്ടുള്ള സേവനവേതന ധാരണാ പത്രം അനുവദിക്കുന്നതിനും

2) ശ്രീ. ശിവദാസൻ കെ.പി. യെ ദിവസവേതനത്തിലാണോ കരാർ അടിസ്ഥാനത്തിലാണോ നിയമിച്ചിട്ടുള്ളതെന്നും

3) ശ്രീ. ശിവദാസൻ കെ.പി. യുടെ ദിവസ ശമ്പളവും മാസ ശമ്പളവും എത്രയെന്നും എന്നു തുടങ്ങി 11 ഇനങ്ങളിലായുള്ള വിവരങ്ങളാണ്.

3. ഹർജിക്കാരി ഒന്നാം എതിർകക്ഷി മുമ്പാകെ 03.02.2021 ൽ സമർപ്പിച്ച അപേക്ഷയിൽ ആവശ്യപ്പെട്ടിരുന്നത്,

1) 2020 ഡിസംബറിൽ പിരിഞ്ഞു പോയ കരാർ ജീവനക്കാരിയും 30.01.2021 ൽ ഹർജിക്കാരി അവർക്ക് അയച്ച സന്ദേശവും തമ്മിൽ കമ്പനിക്ക് എന്താണ് ബന്ധമെന്നും

2) ശ്രീമതി ബീനാബീഗം കമ്പനിയിൽ നിന്നും പിരിഞ്ഞു പോയപ്പോൾ Non Liability Certificate വാങ്ങിയിരുന്നോ എന്നും ഉണ്ടെങ്കിൽ കോപ്പി നൽകു ന്നതിനും

3) കമ്പനി ശ്രീമതി ബീനാബീഗത്തിന് നൽകിയിരുന്ന ലാപ്ടോപ്പ് പിരിഞ്ഞു പോകുന്ന സമയത്ത് കമ്പനിയെ തിരിച്ചേൽപ്പിച്ചിരുന്നോ എന്നും തുടങ്ങി 7 ഇനങ്ങളിലായുള്ള വിവരങ്ങളാണ്.

4. ഹർജിക്കാരിയുടെ 22.02.2021, 03.02.2021 തീയതികളിലെ വിവരാവകാശ അപേക്ഷകൾക്ക് ഒന്നാം എതിർകക്ഷി മറുപടി നൽകിയതായി കാണുന്നില്ല. ആയതിനാൽ ടിയാൾ 27.03.2021 ൽ രണ്ടാം എതിർകക്ഷി മുമ്പാകെ അപ്പീൽ സമർപ്പിച്ചിട്ടുള്ളതും ടി അപ്പീലിനും മറുപടി നൽകിയിട്ടില്ലാത്തതുമാണ്.

5. രണ്ടാം എതിർകക്ഷി 05.08.2021 തീയതി വച്ച് കമ്മീഷൻ മുമ്പാകെ സമർപ്പിച്ച റിപ്പോർട്ടിൽ പ്രസ്താവിച്ചിരിക്കുന്നത്, ഹർജിക്കാരിയുടെ 03.02.2021, 22.02.2021 തീയതികളിലെ വിവരാവകാശ അപേക്ഷകൾക്ക് 30.06.2021, 01.07.2021 എന്നീ തീയതികളിൽ മറുപടി നൽകിയിട്ടുള്ളതാണെന്നും കോവിഡ്-19 ന്റെ രണ്ടാം തരംഗത്തിൽ കമ്പനി ഉൾപ്പെടുന്ന പ്രദേശം കണ്ടെയ്മെന്റ് സോൺ ആയിരുന്നതിനാലും ലോക്ഡൗൺ നിയന്ത്രണങ്ങൾ ഉണ്ടായിരുന്നതിനാലുമാണ് അപേക്ഷകൾക്ക് മറുപടി നൽകാൻ കാലതാമസം നേരിട്ടതെന്നുമാണ്. കൂടാതെ 30.06.2021, 01.07.2021 എന്നീ തീയതികളിൽ നൽകിയിട്ടുള്ള മറുപടികളുടെ പകർപ്പുകൾ ഉൾക്കൊള്ളിക്കുന്നതായും രേഖപ്പെടുത്തിയിരിക്കുന്നു.

6. അപ്പീൽ ഹർജിയും ബന്ധപ്പെട്ട രേഖകളും പരിശോധിച്ചതിൽ, ഹർജിക്കാരിക്ക് ഹർജിക്കാരിയുടെ 22.02.2021, 03.02.2021 തീയതികളിലെ വിവരാവകാശ അപേക്ഷകൾക്ക് ടിയാൾക്ക് മറുപടി ലഭ്യമാകാത്തതിനാലാണ് കമ്മീഷൻ മുമ്പാകെ അപ്പീൽ സമർപ്പിച്ചിരിക്കുന്നതായി കാണുന്നത്. 17.11.2021 ൽ കമ്മീഷൻ എറണാകുളം ടൗൺ ഹാളിൽ വച്ച് നടത്തിയ ഹിയറിംഗിൽ ഇരു കക്ഷികളും ഹാജരായി മൊഴി നൽകിയിട്ടുള്ളതാണ്. 05.08.2021 തീയതി വച്ച് രണ്ടാം എതിർകക്ഷി സമർപ്പിച്ച റിപ്പോർട്ടിൽ ഹർജിക്കാരിക്ക് മറുപടി നൽകിയിട്ടുള്ളതായാണ് പ്രസ്താവിച്ചിരിക്കുന്നത്. ടി മറുപടികളുടെ രേഖകളും ഉൾക്കൊള്ളിച്ചിട്ടുള്ളതായി കാണുന്നു. എന്നാൽ ടി മറുപടികളിൽ മറുപടി നൽകിയ ഉദ്യോഗസ്ഥന്റെ പേര്, ഡെസിഗനേഷൻ സീൽ, ആഫീസ് സീൽ, ഫോൺ നമ്പർ തുടങ്ങിയവ ഒന്നും തന്നെ കാണുന്നില്ല. കൂടാതെ ഒന്നാം അപ്പീൽ നൽകേണ്ട കാലാവധിയെ കുറിച്ചും മറുപടികളിൽ കാണിച്ചിട്ടില്ല. തികച്ചും അശ്രദ്ധമായും ഉദാസീനമായും വിവരാവകാശ അപേക്ഷ കൈകാര്യം ചെയ്ത ഒന്നാം എതിർകക്ഷിയെ കമ്മീഷൻ ശക്തമായി താക്കീതു ചെയ്യുന്നു. ഹർജിക്കാരി കമ്മീഷനിൽ അപ്പീൽ സമർപ്പിച്ചതിനു ശേഷമാണ് ടിയാളുടെ വിവരാവകാശ അപേക്ഷകൾക്ക് മറുപടി ലഭ്യമാക്കിയതായി കാണുന്നത്. വിവരാവകാശ അപേക്ഷകൾക്ക് മറുപടി നൽകു

ന്നതിന് ഇത്രയും കാലതാമസം വരുത്തിയ പരാമർശിതകാലയളവിലെ ഒന്നാം എതിർകക്ഷിയുടെ നടപടിയെ കമ്മീഷൻ ഗൗരവമായി കാണുന്നു. മേലിൽ ഇത്തരം വീഴ്ചകൾ സംഭവിക്കുവാൻ പാടില്ല എന്ന് ഒന്നാം എതിർകക്ഷിയെ കമ്മീഷൻ ശക്തമായി താക്കീതു ചെയ്യുന്നു. ഹർജിക്കാരിക്ക് വിവരാവകാശ അപേക്ഷകൾക്കുള്ള മറുപടികൾ വൈകിയാണെങ്കിലും ലഭ്യമായതായി ഹിയറിംഗ് വേളയിൽ അറിയിച്ചിട്ടുള്ളതിനാൽ, ഈ അപ്പീൽ ഹർജിയിലെ നടപടികൾ അവസാനിപ്പിച്ച് കമ്മീഷൻ ഇന്നേ ദിവസം 2021 ഡിസംബർ മാസം 2-ാം തീയതി തീർപ്പാക്കി ഉത്തരവാകുന്നു.

(ഒപ്പ്)

**അഡ്വ. എച്ച്. രാജീവൻ**
**സംസ്ഥാന വിവരാവകാശ കമ്മീഷണർ**

**സാക്ഷ്യപ്പെടുത്തിയ പകർപ്പ്**

**അഡീഷണൽ സെക്രട്ടറി (നിയമം)**

vkm